(ഇ) ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുമ്പോൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള കാരണമെന്ത്;

(എഫ്) ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ പരീക്ഷ നടത്തിപ്പിൽ ക്രമക്കേടുണ്ടെന്ന് തെളിയുന്ന പക്ഷം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് റദ്ദാക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) കൊല്ലം ജില്ലയിൽ നടത്തിയ എൽ. ഡി. ക്ലാർക്കുമാരുടെ പരീക്ഷ സംബന്ധിച്ച അന്വേഷണമാണ് ക്രൈംബ്രാഞ്ച് ഇപ്പോൾ നടത്തുന്നത്.

(ഡി) വിവിധ വകുപ്പുകളിലെ എൽ. ഡി. സി. തസ്തികയ്ക്ക് എല്ലാ ജില്ലകളിലേക്കുമുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം 31-12-2002-ൽ പ്രസിദ്ധീകരിച്ചപ്പോൾ തന്നെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് 31-12-2003-നകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് പി. എസ്. സി. പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനനുസൃതമായി കൊല്ലം, കണ്ണൂർ ജില്ലകളൊഴികെയുള്ള പന്ത്രണ്ടുജില്ലകളിലെ റാങ്ക് ലിസ്റ്റ്, വിജ്ഞാപനം ചെയ്ത തീയതിക്കകം (31-12-2003-നകം) പ്രസിദ്ധീകരിച്ചതായും കൊല്ലം ജില്ലയിൽ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ ചോർന്നതായി തെളിഞ്ഞതിനാൽ, പ്രസ്തുത തെരഞ്ഞെടുപ്പ് റദ്ദാക്കിയതായും കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ലഭിച്ച ചില പരാതികളിൻമേലുള്ള അന്വേഷണം പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ട് പ്രസ്തുത ജില്ലയിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെന്നും ആണ് പി. എസ്. സി. അറിയിച്ചിട്ടുള്ളത്.

(ഇ & എഫ്) കൊല്ലം ജില്ലയിൽ നടന്ന എൽ. ഡി. സി. പരീക്ഷ സംബന്ധമായ ക്രമക്കേടുകളിൻമേലാണ് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്നത്. ആ ജില്ലയിലെ തെരഞ്ഞെടുപ്പ് റദ്ദ് ചെയ്തിട്ടുണ്ട്.

എൽ. ഡി. സി. പരീക്ഷയുടെ റാങ്ക്ലിസ്റ്റ്

32 [32] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എൽ. ഡി. ക്ലാർക്കായി നിയമിക്കപ്പെടുന്നതിന് അപേക്ഷിച്ചിരുന്നവർക്കുവേണ്ടിയുള്ള എഴുത്തുപരീക്ഷ നടത്തി നിയമനത്തിന് അർഹരായവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ;

(ബി) എങ്കിൽ എന്ന്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

എൽ. ഡി. ക്ലാർക്ക് നിയമനത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശം

33 [33] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. ഡി. ക്ലാർക്കുമാരെ തെരഞ്ഞെടുക്കുന്നതിന് ഓരോ ജില്ലയിലും അവസാനമായി പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നത് എന്നാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലും നാളിതുവരെ നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ കാറ്റഗറി തിരിച്ച് പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(സി) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിലായി നിരവധി ഒഴിവുകൾ ഉണ്ടായിരുന്നിട്ടും വകുപ്പുമേധാവികൾ അവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും എൽ. ഡി. ക്ലാർക്കുമാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി പേർക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

എൽ. ഡി. ക്ലാർക്ക് നിയമനത്തിനുള്ള എഴുത്തു പരീക്ഷ

34 [34] ശ്രീ. കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ എൽ. ഡി. ക്ലാർക്കുമാരായി നിയമിക്കപ്പെടുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷൻ എഴുത്തു പരീക്ഷ നടത്തിയതെന്നായിരുന്നു;

(ബി) ഈ പരീക്ഷയിൽ പങ്കെടുത്തവരിൽ നിയമനത്തിനുള്ള അർഹത നേടിയവരുടെ നിയമന സാദ്ധ്യതാലിസ്റ്റോ റാങ്ക്‌ലിസ്റ്റോ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly